പ്രഭാകരന്റെ സഹോദരൻ ജയൻ എന്നുപറയുന്ന ആളിനെ ഗുണ്ടകൾ തടഞ്ഞു നിർത്തുകയും അദ്ദേഹത്തിന്റെ കയ്യിലുണ്ടായിരുന്ന പൈസയും മോതിരവും വാച്ചുമെല്ലാം തട്ടിപ്പറിക്കുകയും ജീവന് ഭീഷണിയായി നില്ക്കുകയും ചെയ്തിരുന്നു. ആ പ്രദേശമാകെത്തന്നെ സംഘർഷപൂരിതമായിക്കൊണ്ടിരിക്കുയാണ്. മായന്നൂർപുഴ കേന്ദ്രീകരിച്ച് ഗുണ്ടാസംഘം വളർന്നുവരുന്നതായാണ് അറിയാൻ കഴിഞ്ഞത്. അത് നിയന്ത്രിക്കാനും അതുപോലെ ഗുണ്ടകളെ അറസ്റ്റ് ചെയ്യാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ : ശ്രീ. ടി. വി. ചന്ദ്രമോഹനും പ്രസ്തുത വിഷയം സംബന്ധിച്ച് ഒരു സബ്മിഷൻ ഉന്നയിക്കുന്നതിന് നോട്ടീസ് നൽകിയിരുന്നു.

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി)* : സർ, നിരപരാധിയായ ഒരാളാണ് ഈ സംഭവത്തിൽ കൊലചെയ്യപ്പെട്ടത്. പ്രഭാകരൻ ഒരു വിധത്തിലും വഴക്കിനോ മറ്റു കാര്യങ്ങൾക്കോ ഒന്നും പോയതല്ല. അവിടെ തർക്കമുണ്ടായ സമയത്ത് അതിന് മദ്ധ്യസ്ഥം വഹിക്കുന്നതിന് പോയ നിരപരാധിയായ പ്രഭാകരൻ കൊല്ലപ്പെട്ട സംഭവം വളരെ നിർഭാഗ്യകരമാണ്. 3 പേരുടെ പേരിൽ കേസ് എടുത്ത് അവരെ അറസ്റ്റ് ചെയ്യുന്നതിനുവേണ്ടിയുള്ള എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. വളരെ തെറ്റായിട്ടുള്ള ഒരു സാഹചര്യത്തിലാണ് ഇവിടെ ഈ അക്രമവും കൊലപാതകവും നടന്നിട്ടുള്ളത്. അക്രമവും കൊലപാതകവും നടത്തിയവർക്കെതിരെ കർശനമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(7) തൃക്കരിപ്പൂരിലെ ഏകാംഗ ട്രഷറി സബ് ട്രഷറിയായി ഉയർത്താൻ നടപടി സ്വീകരിക്കുന്നതു സംബന്ധിച്ച്

ശ്രീ. കെ. പി. സതീശ്ചന്ദ്രൻ : സർ, എന്റെ മണ്ഡലത്തിലെ തൃക്കരിപ്പൂരിലെ One-man Treasury (ഏകാംഗ ട്രഷറി) സബ് ട്രഷറിയായി ഉയർത്തുന്നതിന് ട്രഷറി വകുപ്പിന് നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടെങ്കിലും ധനകാര്യ വകുപ്പിന്റെ അംഗീകാരം കിട്ടിയിട്ടില്ല. ഗവൺമെന്റിന്റെ സാമ്പത്തിക ബാദ്ധ്യത പരമാവധി ഒഴിവാക്കിക്കൊണ്ട് ഉദ്യോഗസ്ഥ പുനർ വിന്യാസംവഴി ഈ ട്രഷറി സബ്ട്രഷറിയായി ഉയർത്തുന്നതിനാണ് നിർദ്ദേശം സമർപ്പിച്ചിട്ടുള്ളത്. പതിനൊന്ന് പഞ്ചായത്തുകളുള്ള തൃക്കരിപ്പൂർ മണ്ഡലത്തിൽ ഒരു ട്രഷറി പോലും നിലവിലില്ലാത്ത സാഹചര്യത്തിൽ പ്രത്യേക പരിഗണനയോടെ ഈ One-man Treasury (ഏകാംഗ ട്രഷറി) സബ് ട്രഷറിയായി ഉയർത്തുന്ന കാര്യം പരിഗണിക്കണമെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ)* : സർ, തൃക്കരിപ്പൂർ ഉൾപ്പെട്ട കാസർഗോഡ് ജില്ല ചെറിയ ജില്ലയാണെങ്കിലും അവിടെ ഒരു ഡിസ്ട്രിക്ട് ട്രഷറിയും ആറ് സബ് ട്രഷറികളുമുണ്ട്. ഇതുസംബന്ധിച്ച്

LIBRARY ARCHIVES Kerala Legislative Assembly

പരിശോധിച്ചപ്പോൾ 4 പഞ്ചായത്തുകളാണ് ഇപ്പോൾ നിർദ്ദേശിക്കുന്ന One-man Treasury – യുടെ പരിധിയിൽ വരുന്നത്. അവിടെ സബ്ട്രഷറി തുടങ്ങുന്നതിന് അനുബന്ധമായിട്ടുള്ള സ്ഥാപനങ്ങളോ ഏരിയായോ ഇല്ല എന്നുള്ളതാണ് റിപ്പോർട്ട്. പുതിയ സബ് ട്രഷറി ആരംഭിക്കണമെന്നുണ്ടെങ്കിൽ അതിനനുസരിച്ചുള്ള സ്റ്റാഫും കമ്പ്യൂട്ടറൈസേഷൻ സൗകര്യങ്ങളും വേണം. ബാക്കി എല്ലാ ട്രഷറികളെയുംപോലെ കമ്പ്യൂട്ടറൈസ് ചെയ്യണം. സർക്കാരിന്റെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതിയിൽ സ്റ്റാഫ് ക്രിയേഷനെ സംബന്ധിച്ചും മറ്റും പണം ചെലവാക്കുന്നതിന് കുറച്ച് ബുദ്ധിമുട്ടുണ്ട്. അതുകൊണ്ട് ഇക്കാര്യം തൽക്കാലം ഗവൺമെന്റിന്റെ പരിഗണനയിലില്ല. ശ്രീ. സതീശ്ചന്ദ്രന്റെ നിരന്തരമായ നിവേദനം പരിശോധിക്കാം.

(8) കരിമണൽ മേഖലയിൽനിന്നും കുടിയൊഴിപ്പിക്കപ്പെട്ടവരെ പുനരധിവസിപ്പിക്കൽ

ശ്രീ. ഷിബു ബേബിജോൺ : സർ, ഈ സഭയിൽ പലപ്പോഴും പ്രതിഫലിച്ചു കേട്ടിട്ടുള്ള കാര്യമാണ് കരിമണൽ ഖനനം. ഗൾഫ് രാജ്യങ്ങൾക്ക് എണ്ണപോലെയാണ് കേരളത്തിന് കരിമണൽ. ഒരു നൂറ്റാണ്ടു കാലമായി ഇതിന്റെ ഖനനം നടന്നുകൊണ്ടിരിക്കുകയാണ്. എന്നാൽ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം നമുക്ക് ഒരു മൈനിംഗ് പോളിസിയില്ല. രണ്ടു പൊതുമേഖലാ സ്ഥാപനങ്ങളാണ് ഈ ഖനനത്തിൽ ഏർപ്പെട്ടിരിക്കുന്നത്. ഐ.ആർ.ഇ.-യും. കെ. എം. എം. എൽ.-ഉം. കേന്ദ്ര ഗവൺമെന്റിന്റേയും സംസ്ഥാന ഗവൺമെന്റിന്റേയും സ്ഥാപനങ്ങൾ. ഒരു യൂണിഫോം പോളിസി ഇല്ലാത്തതിന്റെ ഭാഗമായി കരിമണൽ ചൂഷണം ചെയ്യാൻവേണ്ടി ആൾക്കാരെ കുടിയൊഴിപ്പിക്കുമ്പോൾ ചണ്ടി വലിച്ചെറിയുന്നതുപോലെ വലിച്ചെറിയുകയാണ്. ഒരു റീ-സെറ്റിൽമെന്റ് പോളിസിയില്ല. ഒരു പക്ഷേ എത്ര വിചിത്രമായ അല്ലെങ്കിൽ ഈ നിലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ മറ്റൊരു സംസ്ഥാനത്തും ഉണ്ടാകുമെന്ന് എനിക്ക് തോന്നുന്നില്ല. ആൾക്കാരുടെ പണത്തിനുള്ള അന്നത്തെ ആവശ്യം കണ്ടുകൊണ്ട് കുറച്ചു കാശ് കൊടുക്കുക, അവർ വീടും വസ്തുവും കൊടുക്കുക. അവർ എവിടെ പോയി താമസിക്കും? അതുമാത്രമല്ല, ആദ്യകാലം മുതൽ ഇങ്ങനെ ഈ സ്ഥലം ഏറ്റെടുക്കുമ്പോൾ ഭൂമി നഷ്ടപ്പെട്ടവർക്ക് തൊഴിൽ കൊടുക്കുന്ന ഏർപ്പാടുണ്ടായിരുന്നു. ഇപ്പോൾ അങ്ങനെയില്ല. ഐ. ആർ. ഇ.-യെ സംബന്ധിച്ചിടത്തോളം പല പ്രശ്നങ്ങൾകാരണം മൈനിംഗ് നിന്നിരിക്കുകയാണ്. കെ. എം. എം. എൽ. സംസ്ഥാന പൊതുമേഖലാ സ്ഥാപനമായിട്ടുപോലും സ്ഥലം എടുക്കുന്നവർക്ക് തൊഴിൽ കൊടുക്കുന്ന ഒരു സംവിധാനം ഇപ്പോഴില്ല. ഐ. ആർ. ഇ. ഒരുപരിധിവരെ വെൽഫെയർ ഫോറം എന്നുള്ള നിലയിൽ കുറച്ചുപേർക്ക് തൊഴിൽ കൊടുക്കുന്നുണ്ട്. ബഹുമാനപ്പെട്ട രാജൻബാബുവിന്റേയും കരുണാകരന്റേയും

LIBRARY ARCHIVES Kerala Legislative Assembly